# വിശ്വാസപരിശീലന കേന്ദ്രം

## പ്രത്യാശയുടെ ദൈവമക്കൾ

### "യേശുവിലാണെൻ പ്രത്യാശ, വചനമാണെൻ വഴികാട്ടി"

ഈ വർഷം (2019) ദൈവീക പുണ്യങ്ങളിലെ രണ്ടാമത്തെ പുണ്യമായ പ്രത്യാശയെക്കുറിച്ചാണ് നാം ചിന്തിക്കുന്നത്. പൗലോസ് ശ്ലീഹ പറയുന്നു: "പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. കാരണം നമുക്ക് നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്ക് ചൊരിയപ്പെട്ടിരിക്കുന്നു" (റോമ 5:5). ജീവിതത്തിന്റെ വ്യത്യസ്ത സാഹചര്യങ്ങളിലൂടെ കടന്നുപോകുന്ന കുട്ടികൾക്ക് പ്രത്യാശ പകർന്നുകൊടുക്കുക എന്നത് നമ്മുടെ ഒരു പ്രധാന ദൗത്യമാണല്ലോ. വി. പൗലോസ് ആഹ്വാനം ചെയ്യുന്നതു പോലെ പ്രത്യാശയിൽ സന്തോഷിക്കുന്നവരും ക്ലേശങ്ങളിൽ സഹന ശീലരും പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരുമായ പ്രത്യാശയുടെ ദൈവമക്കളായി കുട്ടികളെ വളർത്താൻ ഈ വർഷം നമുക്ക് ശ്രമിക്കാം.

**വിശ്വാസപരിശീലന അദ്ധ്യയനവർഷ ഉദ്ഘാടനവും അവാർഡ് ദാനവും**

2019 മെയ് 25-ാം തീയതി ശനിയാഴ്ച ഉച്ചതിരിഞ്ഞ് 2.00 മണിക്ക് കലൂർ റിന്യൂവൽ സെന്ററിൽ നടത്തപ്പെടുന്ന അവാർഡ് ദാനത്തിലേക്കും അദ്ധ്യയനവർഷ ഉദ്ഘാടനത്തിലേക്കും എല്ലാവരെയും പ്രത്യേകം ക്ഷണിക്കുന്നു. പരീക്ഷകളിൽ ആ യൂണിറ്റിൽ നിന്നും സ്കോളർഷിപ്പ് നേടിയ കുട്ടികളുടെ പേര് പ്രത്യേകം അറിയിച്ചിട്ടുണ്ട് (വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിരിക്കുന്നു). ഈ സമ്മേളനത്തിൽവച്ച് ഇവർക്ക് സമ്മാനങ്ങൾ നൽകുന്നതാണ്. പ്രസ്തുത പരിപാടിയിലേക്ക് സമ്മാനാർഹരെയും, രക്ഷാകർത്താക്കളെയും, അദ്ധ്യാപകരെയും ബ. വികാരിയച്ചന്മാർ പറഞ്ഞുവിടണമെന്ന് അഭ്യർത്ഥിക്കുന്നു.

**2019-2020 വിശ്വാസപരിശീലനവർഷ പ്രതിനിധി സമ്മേളനം**

2019-2020 വിശ്വാസപരിശീലന വർഷത്തിന്റെ ഔപചാരിക ഉദ്ഘാട

നവും അവാർഡ് ദാനവും നടക്കുന്ന മെയ് 25ന് എല്ലാ പ്രധാനാദ്ധ്യാപികാദ്ധ്യാപകരുടെയും യൂണിറ്റ് സെക്രട്ടറിമാരുടെയും ഫൊറോന കൗൺസിൽ അംഗങ്ങളുടെയും മീറ്റിംഗ് രാവിലെ 9.30 മണിക്ക് ഉണ്ടായിരിക്കുന്നതാണ്. ഈ യോഗത്തിലേക്ക് ബന്ധപ്പെട്ട എല്ലാവരേയും സ്വാഗതം ചെയ്യുന്നു. കൃത്യസമയത്ത് തന്നെ എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

**പ്രാർത്ഥനാദിനം**

2019 മെയ് 26 ഞായറാഴ്ചയാണല്ലോ വേദപാഠാദ്ധ്യാപകരുടെ ഇടവകതല പ്രാർത്ഥനാ ദിനം. വിശ്വാസപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരും വികാരിയച്ചന്റെ നേതൃത്വത്തിൽ ഒരുമിച്ച് പ്രാർത്ഥിച്ച് പുതിയ അധ്യയന വർഷത്തെ സ്വാഗതം ചെയ്യുക. വിശ്വാസ പരിശീലകർ എന്ന നിലയിൽ കുറഞ്ഞത് മൂന്നുമാസം കൂടുമ്പോൾ ഒരു മണിക്കൂറെങ്കിലും ഒരുമിച്ച് കൂടി പ്രാർത്ഥിക്കാൻ ഇടവകയിലെ അദ്ധ്യാപകരെ പ്രോത്സാഹിപ്പിക്കണമെന്ന് ബ. വികാരിയച്ചന്മാരോട് അഭ്യർത്ഥിക്കുന്നു. ഏതാനും ഇടവകകളിൽ ബ. വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ എല്ലാ മാസവും വേദപാഠാദ്ധ്യാപകർ പ്രാർത്ഥനയ്ക്കായി ഒരുമിച്ചുകൂടുന്നുണ്ട്.

## പ്രധാന പരിപാടികൾ

**മെയ് 2019**

| | | |
|---|---|---|
| 01 ബുധൻ | : | ഓഫീസ് അവധി |
| 02 | : | ഫൊറോന ഡയറക്ടർമാരുടെ യോഗം 10.30 am - 1.00 pm. റിന്യൂവൽ സെന്റർ, കലൂർ. |
| 02-04 | : | പ്ലസ്സ് വൺ ക്ലാസ്സിലെ ലീഡേഴ്സിനുള്ള ക്യാമ്പ് (സ്പർശ് - 2019) - നിവേദിത. |
| 06 തിങ്കൾ | : | ഡിപ്ലോമ പുനഃപരീക്ഷ ടഠഉ തക, തകക പേര് രജിസ്റ്റർ ചെയ്യേണ്ട അവസാന തിയതി. |
| 08, 09 (ബുധൻ, വ്യാഴം) | : | Std. XII ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സ് - റിന്യൂവൽ സെന്റർ, കലൂർ. |
| 11 ശനി | : | സ്പർശ് 2018 റീയുണിയൻ - റിന്യൂവൽ സെന്റർ, കലൂർ. 9.30 am - 4.00 pm |

| | | |
|---|---|---|
| 12 ഞായർ | : | ജനറൽ കൗൺസിൽ, കലൂർ 10.30 am - 1.00 pm |
| 15, 16 (ബുധൻ, വ്യാഴം) | : | Std. XI ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സ് - റിന്യൂവൽ സെന്റർ, കലൂർ. |
| 17 വെള്ളി | : | ഡിപ്ലോമ പുനഃപരീക്ഷ Std. XI (10.00 am-12 noon), Std. XII (2.00 pm - 4.00 pm) റിന്യൂവൽ സെന്റർ, കലൂർ. |
| 25 ശനി | : | പ്രധാനാദ്ധ്യാപകരുടെയും സെക്രട്ടറിമാരുടെയും യോഗം 10.00 am - 1.00 pm. |
| | | വിശ്വാസപരിശീലന വർഷഉദ്ഘാടനവും അവാർഡ് ദാനവും 2.00 pm - 4.00 pm. |
| 26 ഞായർ | : | വേദപാഠാദ്ധ്യാപക പ്രാർത്ഥനാദിനം |

**ജൂൺ 2019**

| | | |
|---|---|---|
| 02 ഞായർ | : | വിശ്വാസപരിശീലന വർഷാരംഭം, പ്രവേശനോത്സവം |
| 08 ശനി | : | റഗുലർ സ്ക്കൂൾ പ്രാധാനാദ്ധ്യാപകരുടെ യോഗവും മോറൽസയൻസ് അവാർഡുദാനവും |

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**